LIBRARY ARCHIVES Kerala Legislative Assembly

ടെ നടപടി തെറ്റാണ്, നടപടിയിൽ പിശകുണ്ട്, വേറെ വിധത്തിൽ നട ത്താമായിരുന്ന എന്നും മറ്റും വിമർശനരൂപത്തിലുള്ള പ്രസ്താവനകൾ പത്രങ്ങൾ ചെയ്യുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. അതു് ഈ സഭയുടെ അവകാശ ത്തിനു ഹാനി സംഭവിക്കുന്ന പ്രവൃത്തിയായി ഗണിക്കാവുന്നതല്ല. എന്നാൽ സ്പീ ക്കറുടെ നിഷ്പക്ഷ മനസ്ഥിതിയെപ്പറ്റി ലാഘവം ചെയ്യുന്ന ഏതെങ്കിലും പ്രസ്താ വന ചെയ്യുന്നപക്ഷം അതു സഭയുടെ അവകാശത്തെ ക്ഷതപ്പെടുത്തുന്ന പ്രസ്താവ നയാണു്. ഹൗസു് ആഫ് കാമൺസിലും മറ്റു സഭകളിലും ഈ സംഗതി ഇ ങ്ങനെ തീരുമാനിച്ചിട്ടുണ്ടു്. ഈ മോഷൻ മി. ജ്ഞാനശിഖാമണിക്കു് ഇവി ടെ അവതരിപ്പിക്കാവുന്നതാണു്. ഈ സഭയുടെ അന്തസ്സിനും അവകാശത്തിനും ഹാനികരമായ പ്രസ്താവനയാണോ ഇതെന്നാലോചിക്കുവാൻ സഭയ്ക്കവകാശ മുണ്ടു്. അടുത്തദിവസം ഇതു ചർച്ചക്കു കൊണ്ടുവരാവുന്നതാണു്.

ANNOUNCEMENT REGARDING THE ELECTION OF MEMBERS TO THE ESTIMATES COMMITTEE, THE PUBLIC ACCOUNTS COMMITTEE AND THE STANDING FINANCE COMMITTEE

മിസ്റ്റർ സ്പീക്കർ: നിയമസഭാചട്ടങ്ങളിലെ 186-ാം ചട്ടമനുസരിച്ചു് ഒരു എസ്റ്റിമേറ്റ്സ് കമ്മിറ്റിയും, 187-ാം ചട്ടമനുസരിച്ചു് ഒരു പബ്ലിക്കു് അക്കൗ ണ്ട്സ് കമ്മിറ്റിയും, ഇവയ്ക്കുപുറമെ ഒരു സ്റ്റാൻഡിംഗ് ഫിനാൻസു് കമ്മിറ്റി യും രൂപീകരിക്കുന്നതിനു വേണ്ട നടപടികൾ എടുക്കണമെന്നു് ഗവണ്മെൻറിൽ നിന്നും അറിയിച്ചിട്ടുണ്ടു്. ഈ മൂന്നു കമ്മിറ്റികളുടേയും അദ്ധ്യക്ഷൻ ബഹു. ധന കാര്യമന്ത്രിയാണു്. ഓരോ കമ്മിറ്റിയിലും അദ്ധ്യക്ഷനെക്കൂടാതെ ഈ സഭയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ആറംഗങ്ങളും ഉണ്ടായിരിക്കും. ഇവയ്ക്കുള്ള തെരഞ്ഞെ ടുപ്പു് ആനുപാതിക പ്രാതിനിദ്ധ്യതത്വമനുസരിച്ചു് കൈമാറ്റം ചെയ്യാവുന്ന ഒറ്റവോട്ടുമൂലം നടത്തുന്നതാണു്. ഇവയ്ക്കുള്ള നാമനിർദ്ദേശങ്ങൾ മാർച്ചു് 20-ാം തിയ്യതി രണ്ടരമണിക്കുമുമ്പു് നിയമസഭാ സെക്രട്ടറിയെ ഏല്പിക്കേണ്ടതാകുന്നു. നാമനിർദ്ദേശങ്ങളുടെ പരിശോധന സ്പീക്കറുടെ ചേംബറിൽവച്ചു് മാർച്ചു് 20-ാം തിയ്യതി സഭ പിരിഞ്ഞശേഷം നടത്തുന്നതും തെരഞ്ഞെടുപ്പു് ആവശ്യ മാണെന്നു കാണുന്നപക്ഷം മാർച്ചു് 21-ാം തിയ്യതി സഭാ നടപടിക്കുശേഷം ഇവിടെവച്ചു നടത്തുന്നതുമാകുന്നു.

Sri. Kalathil Velayudhan Nair: I have given notice of an adjournment motion. I do not know what happened to that.

Mr. Speaker: The Hon'ble Member can get the necessary information from the office.

VOTING OF DEMANDS FOR GRANTS

Demand No. XL—Capital Outlay on Government Trading Schemes—(*contd.*)

Mr. Speaker: The Hon'ble Minister may now reply to the cut motions moved.

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): സർ, പുതിയ നെല്ലിട്ടുപഞ്ചായതി യിലുള്ള ദുഷ്പ്രഭുക്കളെപ്പറ്റിയും നെല്ലു്, അരി മുതലായവ സംഭരിക്കുകയും സൂക്ഷി ക്കുകയും ചെയ്യുന്നതിലുള്ള ക്രമക്കേടുകളെപ്പറ്റിയും ഫുഡു് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെപ്പറ്റിയുമായിരുന്ന ഇവിടെ പ്രധാനമായി ഉണ്ടായ ആക്ഷേപങ്ങൾ. പുതിയ നെല്ലിട്ടുപഞ്ചായതി ഫെബ്രുവരി മാസം

Page 1